(സി) ഇത്തരം റിപ്പോർട്ടുകൾ കാണാതായതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വിശദമായ അന്വേഷണത്തിന് എറണാകുളം ജില്ലാ ഓഫീസിൽ പോയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്താണെന്നും അത് സംബന്ധിച്ച് അദ്ദേഹം ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) കാണാതായ റിപ്പോർട്ടുകൾ ഏതു വർഷത്തേതാണെന്നും അതിൽ ജനകീയാസൂത്രണ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഡ്രാഫ്റ്റ് ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ വീണ്ടും ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഡ്രാഫ്റ്റ് റിപ്പോർട്ടുകളിൽ ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ റിപ്പോർട്ടുകളും ഉൾപ്പെടുന്നു.

(ബി) 1. പെരുമ്പാവൂർ നഗരസഭ
2. കോതമംഗലം നഗരസഭ
3. അങ്കമാലി നഗരസഭ
4. കളമശ്ശേരി നഗരസഭ
5. മണീട് ഗ്രാമപഞ്ചായത്ത്
6. ഏഴിമന ഗ്രാമപഞ്ചായത്ത്
7. കാലടി ഗ്രാമപഞ്ചായത്ത്
8. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
9. പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്
10. തൃക്കാക്കര ഗ്രാമപഞ്ചായത്ത്
11. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
12. പായിപ്ര ഗ്രാമപഞ്ചായത്ത്
13. എറണാകുളം ജില്ലാ പഞ്ചായത്ത്

(സി) ഉണ്ട്.

(ഡി) 18.1.1999, 20.2.1999 എന്നീ തീയതികളിൽ പോയിട്ടുണ്ട്. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് നൽകിയിട്ടില്ല.

(ഇ) 1995-96 ലെ മൂന്നു റിപ്പോർട്ടുകളും 1996-97, 1997-98 ലെ 6 റിപ്പോർട്ടുകൾ വീതവും നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൽ ജനകീയാസൂത്രണ വിനിയോഗം സംബന്ധിച്ച കണക്കുകളും ഉൾപ്പെടും.

(എഫ്) പോലീസിന്റെ ഭാഗത്തുനിന്നുള്ള അന്വേഷണഫലം അറിഞ്ഞ ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

29 (1478) ലോക്കൽ ഫണ്ട് ഓഡിറ്റ് പുനഃസംഘടിപ്പിക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പാലോട് രവി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പി.ആന്റ്.എ.ആർ.ഡി. വർക്ക്സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായി നടപ്പാക്കി തുടങ്ങിയശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ ജോലി ഭാരം ക്രമാതീതമായി വർദ്ധിച്ചതായി അറിവുണ്ടോ;

(ഇ) വർദ്ധിച്ച ജോലിഭാരവും ഉത്തരവാദിത്വവും കണക്കിലെടുത്ത് പി.ആന്റ് എ.ആർ.ഡി. യുടെ വർക്ക്സ്റ്റഡി റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃസംഘടന എത്രയും വേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 1995-ൽ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി)-(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി രൂപീകരിക്കുന്ന ഓഡിറ്റ് കമ്മിഷന്റെ ഘടനയും നടപടി ക്രമങ്ങളും പൂർത്തിയായതിനുശേഷം വകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് ചിന്തിക്കുന്നതാണ്.

30 (1479) ലോക്കൽ ഫണ്ട് ഡയറക്ടർ ഗവൺമെന്റിന് സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 23-ാം വകുപ്പ് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഗവൺമെന്റിന് ഏതെല്ലാം വർഷത്തെ സമാഹൃത റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്;

(ബി) സമർപ്പിച്ച റിപ്പോർട്ടുകളിൽ സമ്പൂർണ്ണമല്ലാത്തവ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ അത് ഏതെല്ലാം വർഷത്തേതാണെന്നും സമ്പൂർണ്ണമല്ലാതിരിക്കാനുള്ള കാരണമെന്തെന്നും വെളിപ്പെടുത്തുമോ;

(സി) ഭാഗികമായുള്ള റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഓഡിറ്റ് വിവരങ്ങൾ എങ്ങനെയാണ് സർക്കാർ മുൻപാകെ സമർപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഭാഗികമായി റിപ്പോർട്ട് സമർപ്പിച്ച വർഷത്തെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നിർണ്ണയിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly